**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**

**(2017 ഡിസംബർ 29 - 2017ജനുവരി 4)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**e-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2019 – 1 Dt. 27 .12. 2018

*ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ*

തെങ്ങിന് ജലസേചനം തുടരണം. സൂര്യാഘാതത്തിൽ നിന്ന് തെങ്ങിനെ സംരക്ഷിക്കുന്നതിനായി തടിയിൽ കുമ്മായം തേച്ച് കൊടുക്കുന്നത് നല്ലതാണ്. വിത്തു തേങ്ങ ശേഖരിക്കാൻ സമയമായി. ഇരുപതു വർഷത്തിനുമേൽ പ്രായമുള്ളതും വർഷത്തിൽ 80 നാളികേരത്തിൽ കുറയാതെ കായ്ക്കുന്നതും ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലും ഉള്ളതും രോഗമില്ലാത്തതുമായ തെങ്ങിൽ നിന്നു വേണം വിത്തു തേങ്ങ ശേഖരിക്കാൻ. ഇങ്ങനെ സംഭരിച്ച നാളികേരത്തിന്റെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ മണലിൽ സൂക്ഷിക്കുകയും വേണം.

തടിതുരപ്പന്റെ ഉപദ്രവം ഈ മാസങ്ങളിൽ കശുമാവിന് ഉണ്ടാകാനിടയുണ്ട്. തടിവേരോട് ചേരുന്ന ഭാഗത്താണ് ഇവയുടെ ഉപദ്രവം സാധാരണ തുടങ്ങുക. മൂർച്ചയുള്ള കത്തി കൊണ്ട് സുഷിരമുള്ള ഭാഗങ്ങൾ ചെത്തി വൃത്തിയാക്കി പുഴുക്കളെ നശിപ്പിക്കേണ്ടതാണ്. തടിയിൽ ഏതാണ്ട് 1 മീറ്റർ ഉയരം വരെ വേപ്പെണ്ണ പുരട്ടുന്നത് ഈ കീടത്തിന്റെ ആക്രമണം ഒരു പരിധി വരെ ഒഴിവാക്കുന്നതിന് സഹായിക്കും.

മാവിന് പുകയേല്പിക്കുന്നത് പൂക്കാനും, കായ്ക്കാനും സഹായിക്കും. കായീച്ചയുടെ ഉപദ്രവം കൊണ്ട് മാങ്ങയിൽ ഉണ്ടാകുന്ന പുഴുക്കേട് നിയന്ത്രിക്കാനായി കായീച്ചക്കെണി ഉപയോഗിക്കാം. മാവ് പൂത്ത് തുടങ്ങുമ്പോൾ മുതൽ കെണി വെയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മുതൽ 4 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/ തുളസിയില തുടങ്ങിയവ കൊണ്ടുള്ള ചിരട്ട കെണികളും ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

മീലിമൂട്ടകൾ, ശല്ക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള *വെർട്ടിസീലിയം,* ഇലതീനി പുഴുക്കൾക്കെതിരെയുള്ള *ബ്യൂവേറിയ ബാസിയാന*, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള *മെറ്റാറൈസിയം* എന്നിവ പ്രയോഗിക്കാം. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവ കീട രോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പനകേന്ദ്രത്തിലും (0487-2370540) കണ്ണാറ വാഴ ഗവേഷണകേന്ദ്രത്തിലും (0487-2699087) ലഭ്യമാണ്. ഇവ 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളിൽ തളിച്ചു കൊടുക്കണം.

കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണമായ 'കല്പധേനു' എന്ന ത്രൈമാസിക വരിക്കാരാകാൻ ഒരു വർഷത്തേക്ക് 125/-രൂപ, അഞ്ചു വർഷത്തേക്ക് 500/- രൂപ നിരക്കിൽ നേരിട്ടോ ഡി.ഡി മുഖേനയോ മാനേജിംഗ് എഡിറ്റർ, കല്പധേനു, കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി എന്ന മേൽവിലാസത്തിൽ അയക്കണം.

'പാക്കേജ് ഓഫ് പ്രാക്ടീസസ് റെക്കമെന്റേഷൻസ് 2016', പാക്കേജ് ഓഫ് പ്രാക്ടീസസ് റെക്കമെൻറേഷൻസ് ഓർഗാനിക്ക് 2017 എന്നിവ കേരള കാർഷിക സർവ്വകലാശാലയുടെ കമ്മ്യൂണിക്കേഷൻ സെന്ററിൽ ലഭ്യമാണ്. വില 300 രൂപ

## അറിയിപ്പ്

1. കേരള കാർഷിക സർവ്വകലാശാലയും കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പും സംയുക്തമായി നടത്തുന്ന വൈഗ 2018 & കൃഷി ഉന്നതമേള ഈ മാസം 27ന് ബഹുമാനപ്പെട്ട ഗവർണർ പി.സദാശിവം ഉദ്ഘാടനം ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ സാമ്പത്തിക മുന്നേറ്റം സാധ്യമാക്കുക എന്ന ആശയം മുൻനിർത്തി നടത്തുന്ന വൈഗ 2018 ൽ കാർഷിക സെമിനാറുകൾ, മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ, കലാ-സാംസ്കാരിക പരിപാടികൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018 ഡിസംബർ 27 മുതൽ 30 വരെ തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് വച്ച് സംഘടിപ്പിക്കുന്ന ഈ പരിപാടിയിലേക്ക് ഏവരേയും കാർഷിക സർവ്വകലാശാല സ്വാഗതം ചെയ്യുന്നു.

ഒപ്പ്/-

പ്രൊഫസർ & ഹെഡ്